**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3255** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മൂന്നാംതരംഗം നേരിടുന്നതിന് ജനസംഖ്യയുടെ 70 ശതമാനത്തിലധികം വാക്സിനേഷൻ സ്വീകരിക്കേണ്ട സാഹചര്യത്തിൽ ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രത്യേകമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | തയ്യാറാക്കിയിട്ടുണ്ട്. ഫീൽഡ് തലത്തിൽ വാക്സിനേഷൻ സെക്ഷനുകൾ ആസൂത്രണം ചെയ്യുന്നതും നടത്തുന്നതും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടു കൂടിയാണ്. ഡിജിറ്റൽ ആക്സസ് ഇല്ലാത്ത ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ളവരുടെ രജിസ്ട്രേഷനും വിവരസമാഹരണത്തിനും തദ്ദേശസ്വയംഭരണ വകുപ്പ് വഴിയാണ് സൗകര്യമൊരുക്കുന്നത്. |
| (ബി) | വാക്സിനേഷൻ പ്രക്രിയ ത്വരിതപ്പെടുത്തുവാൻ ,മുൻഗണനാ മാനദണ്ഡമനുസരിച്ച് ഷെഡ്യൂൾ ക്രമീകരിച്ച് നിർവ്വഹണം നടത്തുന്നത് മോണിറ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | വാക്സിനേഷന്റെ പുരോഗതി വിലയിരുത്തുന്നതിനും ദിവസേനയുള്ള പ്രവർത്തനത്തെ അടിസ്ഥാനമാക്കി കൂടുതൽ ആസൂത്രണം ചെയ്യുന്നതിനും പെരിഫറൽ സ്ഥാപനങ്ങളിലും ജില്ലാ സംസ്ഥാന തലങ്ങളിലും ദിവസേന അവലോകനയോഗങ്ങൾ നടത്തി വരുന്നു. കൂടാതെ കോവിഡ് വാക്സിനേഷന്റെ മുഴുവൻ പ്രക്രിയയും നിരീക്ഷിക്കുന്നതിനായി ബ്ലോക്ക് ടാസ്ക് ഫോഴ്സ്, ജില്ലാ ടാസ്ക് ഫോഴ്സ്, സംസ്ഥാന ടാസ്ക് ഫോഴ്സ്, സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റി എന്നിവ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ